പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *49 29. 06. 2016 ൽ മറുപടിക്ക്

## നാളേക്കിത്തിരി ഊർജ്ജം പദ്ധതി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്

" അനിൽ അക്കര

" വി.റ്റി.ബൽറാം

" ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

( വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യ-ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്;<br><br>(സി) പദ്ധതി നടത്തിപ്പിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (എ)&(ബി) ഉണ്ട്. കെ.എസ്.ഇ.ബി യും ഇ.എം.സി യും ചേർന്ന് 2011 ആഗസ്റ്റ് 1 മുതൽ 2012 മേയ് 31 വരെയുള്ള കാലയളവിൽ നടത്തിയിരുന്ന പരിപാടിയാണ് "നാളേക്കിത്തിരി ഊർജ്ജം". സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവ് നല്കുക, ഊർജ്ജ ദുരുപയോഗം വഴിയുണ്ടാകുന്ന വിപത്തുകളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക, തദ്വാര പൊതുജനങ്ങൾക്കിടയിൽ ഊർജ്ജ സംരക്ഷണം പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.<br><br>(സി) " നാളേക്കിത്തിരി ഊർജ്ജം" എന്ന പദ്ധതിയിലൂടെ ഊർജ്ജ സംരക്ഷണത്തിനായി ബോധവൽക്കരണം നടത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ